


# ഇ. എം. എസ്സ്. ജന്മശതാബ്ദി ആഘോഷ പരിപാടികൾ

മഹാനായ ഇ. എം. എസ്സിൻെറ 100–ാം ജന്മ വാർഷിക വർഷമാണ് 2008. 2008 മാർച്ച് മുതൽ 2009 മാർച്ച്19 വരെ ഒരുവർഷം നീണ്ടു നിൽക്കുന്ന ആഘോഷ പരിപാടികളാണ് നാട്ടിൽ പ്ലാൻ ചെയ്തിട്ടുള്ളത്. ഇതിൻെറ ഭാഗമായി കുവൈറ്റിലും കല 100–ാം ജന്മ വാർഷികം വിപുലമായി സംഘടിപ്പിക്കുവാൻ തീരുമാനിച്ചു. ഇതിൻെറ ഭാഗമായി കല കേന്ദ്രകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ 'പാഠപുസ്തക വിവാദം തെറ്റും ശരിയും' എന്ന വിഷയത്തെ ആസ്പദമാക്കി വിപുലമായ ചർച്ചാ സമ്മേളനം സംഘടിപ്പിച്ചു. ആഘോഷ പരിപാടികൾ ശ്രീ.ജോൺ മാത്യു ഉദ്ഘാടനം ചെയ്തു.




ജോൺ മാത്യു ചർച്ച ഉദ്ഘാടനം ചെയ്യുന്നു



ചർച്ചാ സമ്മേളനത്തിൻെറ സദസ്സ്

2008 ജൂലൈ 3–ാം തീയതി വൈകിട്ട് അബ്ബാസ്സിയ യുണൈറ്റഡ് ഇൻഡ്യൻ സ്കൂളിൽ വച്ച് സംഘടിപ്പിച്ച ചർച്ചയിൽ കല കേന്ദ്രകമ്മിറ്റി അംഗമായ സജി ജെ. പ്രബന്ധം അവതരിപ്പിച്ചു. ചർച്ചയിൽ പങ്കെടുത്തുകൊണ്ട് എ. എം. അബൂബക്കർ, അബ്ദുള്ള വടകര, തോമസ് മാത്യു കടവിൽ, സലാം വളാഞ്ചേരി, സത്താർ കുന്നിൽ, അഡ്വ:തോമസ് പണിക്കർ, ഷിജോഫിലിപ്പ്, അസീസ്സ് തിക്കോടി, ജ്യോതിദാസ്, ഷൈനി വിജയൻ എന്നിവർ തങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചു.

## വായനാദിനം

ഇ. എം. എസ്സ്. ജന്മശതാബ്ദി ആഘോഷങ്ങളുടേയും, കല 30–ാം വാർഷികങ്ങളുടേയും ഭാഗമായി ഫഹാഹീൽ, അബ്ബാസ്സിയ മേഖലകളിൽ സാഹിത്യ പരിപാടികൾ സംഘടിപ്പിച്ചു. ജൂലൈ 11–ാം തീയതി ഫഹാഹീൽ സാരഥി ആഡിറ്റോറിയത്തിൽ വച്ച് 12 സാഹിത്യ പുസ്തകങ്ങളുടെ അവലോകനവും, പുസ്തക പ്രദർശനവും സംഘടിപ്പിച്ചു.




മംഗഫിൽ സംഘടിപ്പിച്ച വയനാദിനം

ജൂലൈ 18-ാം തീയതി അബ്ബാസ്സിയ മേഖലയിലെ പരിപാടി അബ്ബാസ്സിയ ഇൻഡ്യൻ കോഫി ഹൗസിൽ വച്ച് സാഹിത്യ സായാഹ്നം സംഘടിപ്പിച്ചു പ്രമുഖ പത്രപ്രവർത്തകൻ പി. സി. ഹരീഷ് സാഹിത്യ സായാഹ്നം ഉദ്ഘാടനം ചെയ്തു.




പി. സി. ഹരീഷ് സാഹിത്യ സായാഹ്നം ഉദ്ഘാടനം ചെയ്യുന്നു.



സദസ്സ്